**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **11-02-2025 - ൽ മറുപടിയ്ക്ക്**

**നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ഏതൊക്കെ നഗരങ്ങളിൽ നഗരവനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് നഗരവനങ്ങൾ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സംസ്ഥാനത്താകെ പ്രസ്തുത പദ്ധതി പ്രകാരം 28 നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തീരത്ത് ജൈവകവചം സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ തീരദേശപ്രദേശങ്ങളിലാണ് തീരവനം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2021-22 കാലയളവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെയുള്ള 2.8 ഹെക്ടർ തീരത്ത് 28000 കാറ്റാടിത്തൈകൾ തീരത്ത് ജൈവകവചം സൃഷ്ടിക്കുന്ന തീരവനം പദ്ധതി പ്രകാരം വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (സി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനംവകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പിന് കീഴിൽ എത്ര സ്ഥലമാണ് ഉള്ളതെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനംവകുപ്പിന് കീഴിലുള്ള 102 സെന്റ് സ്ഥലത്ത് സാമൂഹ്യവനവത്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, ആലപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, വനശ്രീ ഇക്കോ ഷോപ്പ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്താകെ സൃഷ്ടിച്ചിട്ടുള്ള നഗരവനങ്ങൾ</u>

| ക്രമ നം. | ജില്ല | നഗരവനം |
|---|---|---|
| 1 | തിരുവനന്തപുരം (6 എണ്ണം) | ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, ബഹു. വനം വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, ലക്ഷ്മിബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ(LNCPE), കാര്യവട്ടം, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ. ശ്രീകാര്യം,വുമൺസ് പോലീസ് ബറ്റാലിയൻ, മേനംകുളം. |
| 2. | കൊല്ലം (3 എണ്ണം) | എസ്.എൻ കോളേജ്, കൊല്ലം, എസ്.എൻ കോളേജ്, ചാത്തന്നൂർ, ജവഹർ നവോദയ സെൻട്രൽ സ്കൂൾ, കൊട്ടാരക്കര. |
| 3. | പത്തനംതിട്ട (4 എണ്ണം) | ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ്, അടൂർ, കെ.എ.പി. ക്യാമ്പ്, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല, റെയിൽവെ സ്റ്റേഷൻ കോമ്പൗണ്ട്, തിരുവല്ല. |
| 4. | ആലപ്പുഴ (7 എണ്ണം) | റ്റി.കെ.എം.എം.കോളേജ്, നങ്ങ്യാർക്കുളങ്ങര, എ.ആർ ക്യാമ്പ്, ആലപ്പുഴ, സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, കൊക്കോതമംഗലം., ചേർത്തല പോലീസ് സ്റ്റേഷൻ, എസ്.എൻ. സെൻട്രൽ സ്കൂൾ, കായംകുളം, ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര, ഗവ. ബോയ്സ് എച്ച്.എസ്.എസ്, മാവേലിക്കര. |
| 5. | കോട്ടയം (3 എണ്ണം) | എസ്.ഡി കോളേജ്, കാഞ്ഞിരപ്പള്ളി. എസ്.ബി കോളേജ്, ചങ്ങനാശ്ശേരി., ചങ്ങനാശ്ശേരി ബിഷപ്പ് സ്പീച്ചിലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പള്ളം. |
| 6 | എറണാകുളം (3 എണ്ണം) | നോർത്ത് പറവൂർ, ആലുവ, മൂവാറ്റുപുഴ |
| 7 | തൃശ്ശൂർ (1 എണ്ണം) | വന വിജ്ഞാന കേന്ദ്രം, കുതിരാൻ |
| 8 | കണ്ണൂർ (1 എണ്ണം) | ഇരിട്ടി നഗരസഭ |